**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2551** **12-12-2022 - ൽ മറുപടിയ്ക്ക്**

**അമൃത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന അമൃത് പദ്ധതികളുടെ പുരോഗതി എപ്രകാരമാണ്; വിശദാംശം ലഭ്യമാക്കുമോ? | (എ) | കൊല്ലം നിയോജക മണ്ഡലത്തിൽ അമൃത് പദ്ധതി മുഖേന 5 സെക്ടറുകളിലായി ആകെ 59 പദ്ധതികളാണ് നടപ്പാക്കി വരുന്നത്. ഇതിൽ 41 പദ്ധതികൾ കോർപ്പറേഷൻ നേരിട്ട് നടത്തുന്ന പദ്ധതികളും 18 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്നതുമാണ്. കോർപ്പറേഷൻ നേരിട്ട് നടപ്പിലാക്കുന്ന 41 പദ്ധതികളിൽ 21 സ്റ്റോം വാട്ടർ ഡെയിനേജ് പദ്ധതികൾ, 7 പാർക്കുകൾ, 11 അർബൻ ട്രാൻസ്പോർട്ട് പ്രോജക്ടുകൾ, 2 വാട്ടർ സപ്ലൈ പ്രോജക്ടുകൾ എന്നിവ ഉൾപ്പെടുന്നു. 21 സ്റ്റോം വാട്ടർ ഡ്രയിനേജ് പ്രോജക്ടുകളിൽ 18 എണ്ണവും അർബൻ ട്രാൻസ്പോർട്ട് പ്രോജക്ടുകളിൽ 7 എണ്ണവും പൂർത്തിയായിട്ടുണ്ട്. പാർക്ക് സെക്ടറിലെ എല്ലാ പ്രോജക്ടുകളും പൂർത്തിയായിട്ടുണ്ട്. വാട്ടർ സപ്ലൈ പ്രോജക്ടുകൾ ഒന്നും തന്നെ പൂർത്തിയായിട്ടില്ല.<br><br>ട്രാൻസ്പോർട്ട് സെക്ടറിലെ പ്രധാന പദ്ധതിയായ മൾട്ടിലെവൽ കാർ പാർക്കിംഗ് (10.91 കോടി) എന്ന പദ്ധതി റയിൽവേ സ്റ്റേഷൻ അടുത്തുള്ള പുറമ്പോക്കിൽ (അലക്കുഴി) നടപ്പാക്കുന്നതിനാണ് വിഭാവനം ചെയ്തത്. ഇതിന് വേണ്ടി അവിടെയുണ്ടായിരുന്ന 23 കുടുംബങ്ങളിൽ 20 കുടുംബങ്ങളെ കോർപ്പറേഷന്റെ സ്ഥലത്ത് വീട് നിർമ്മിച്ച് മാറ്റി പാർപ്പിച്ചു. എന്നാൽ 3 കുടുംബങ്ങൾ മാറാൻ തയ്യാറാകാതെ കേസ് ഫയൽ ചെയ്തതിനാൽ പ്രസ്തുത പദ്ധതി ഇതുവരെ നടപ്പിലാക്കുവാൻ സാധിച്ചിരുന്നില്ല. മേൽ സാഹചര്യത്തിൽ അമൃത് മിഷന്റെ സ്റ്റേറ്റ് ലെവൽ ഹൈപവർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി റദ്ദാക്കുന്നതിനും ബന്ധപ്പെട്ട തുക "Construction of Balance Sewerage Network and Pumping Stations in Kollam Corporation" എന്ന പദ്ധതിക്ക് |

| | | | |
|---|---|---|---|
| | | | വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കോർപ്പറേഷൻ നേരിട്ട് നടത്തുന്ന പദ്ധതികളുടെ ആകെ ഭരണാനുമതി തുക 51.65 കോടി രൂപയാണ്. ഇതിൽ ചെലവഴിച്ച തുക 29.15 കോടി രൂപയുമാണ്. കേരള വാട്ടർ അതോറിറ്റി നിർവ്വഹണ ഏജൻസിയായിട്ടുള 18 പദ്ധതികളിൽ 13 എണ്ണം പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ആകെ ഭരണാനുമതി തുക 253.62 കോടിയും, ചെലവഴിച്ച തുക 69.03 കോടിയുമാണ്<br><br>സീവേജ് സെക്ടറിൽ കൊല്ലം കുരീപ്പുഴയിൽ 31.92 കോടി രൂപ ഭരണാനുമതിയുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തി 72 ശതമാനം പൂർത്തിയായിട്ടുണ്ട്. 10 വാർഡുകളിലെ ദ്രവമാലിന്യം കുരിപ്പുഴയിലെ പ്ലാന്റിൽ എത്തിക്കുന്നതിനായുള്ള നെറ്റ് വർക്കിന്റെ പ്രവൃത്തി (93.61 കോടി രൂപ) 4 പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ബിഡുകളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ